പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1531 — 06.03.2018 ൽ മറുപടിക്ക്

## സംസ്ഥാനത്തെ വാഹനാപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബാബു : | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ഓരോ ദിവസവും ശരാശരി എത്ര വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്; ഇതിൽ എത്ര ആളുകൾ മരണപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് സംസ്ഥാനത്ത് 2017 വർഷത്തിൽ ഓരോ ദിവസവും ശരാശരി 105 വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ദിവസവും ശരാശരി 11 ആളുകൾ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) വാഹനാപകട നിരക്ക് 10% എങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷൻമാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോട് എല്ലാ മാസത്തിലെയും രണ്ടാം ബുധനാഴ്ച്ച യോഗം ചേരാനും റോഡ് സുരക്ഷാ സംബന്ധമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ അറിയിച്ചു വരുന്നു. ഇതിനു പുറമെ റോഡപകട നിരക്ക് കുറയ്ക്കുന്നിനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പോലീസ് - മോട്ടോർവാഹന വകുപ്പുകളോടും റോഡപകടനിരക്ക് കുറയ്ക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേരളത്തിലെ നിരത്തുകളിൽ നാറ്റ്പാക് കണ്ടെത്തിയ 275 ബ്ലാക്ക് സ്പോട്ടുകളിൽ സംസ്ഥാന പാതകൾക്കു പുറമെയുള്ള പാതകളിൽ പൊതുമരാമത്ത് മുൻഗണനാക്രമം നൽകിയ 46 ബ്ലാക്ക് സ്പോട്ടുകളിൽ സാങ്കേതിക വിദഗ്ധർ മോട്ടോർവാഹന – പോലീസ് - പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് പരിഹാര നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>അപകടം കൂടിയ സ്ഥലങ്ങൾ 24 x 7 മണിയ്ക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാപരിധി ലംഘിക്കുന്നവരെ |

കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ജി പി എസ് അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം , വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാ പരിശോധനാ കേന്ദ്രങ്ങളും എല്ലാ ആർ ടി ഒ / സബ് ആർ ടി ഒ കളിലും പ്രൈവറ്റ് പബ്ലിക് പാർട്ട്നർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ചു വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ